ധനകമ്മി കുറയ്ക്കുന്നതിനുള്ള സമയബന്ധിത ലക്ഷ്യങ്ങൾ

6 (* 153) ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത കാലയളവിൽ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയ ബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുവാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ നിറവേറ്റാൻ കഴിഞ്ഞിട്ടില്ലാത്തവയെക്കുറിച്ച് വിശദമാക്കാമോ; ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; ഈ റിപ്പോർട്ടുകളിലെ ശിപാർശകളിൽ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്തവ ഏത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ & ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യു കമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു:

(ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ)

	2011- 12		2012- 13		2013- 14		2014- 15	
	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം	ലക്ഷ്യം	നേട്ടം
റവന്യു കമ്മി	1.4	2.61	0.9	2.68	0.5	2.44	0	2.65
ധന കമ്മി	3.50	4.16	3.50	4.29	3.0	3.66	3.00	3.59
കട ബാധ്യത	32.3	29.04	31.7	29.64	30.7	26.71	29.80	26.05

LIBRARY ARCHIVES Kerala Legislative Assembly

13-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. എന്നാൽ കടബാദ്ധ്യത ജി.എസ്.ഡി.പി.-യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സർക്കാർ ചെലവുകളെകുറിച്ചും ധനകാര്യസ്ഥിതിയെകുറിച്ചും വിശകലനം ചെയ്യുവാൻ കേരള ധനഉത്തരവാദിത്വ നിയമം, 2003 (29 of 2003) പ്രകാരം 25-11-2005-ൽ രൂപീകരിക്കപ്പെട്ട ഒന്നാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി മൂന്ന് റിപ്പോർട്ടുകളും 30-9-2008-ൽ രൂപീകരിക്കപ്പെട്ട രണ്ടാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി മൂന്ന് റിപ്പോർട്ടുകളും 25-4-2012-ൽ രൂപീകരിക്കപ്പെട്ട മൂന്നാം കേരള എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി നാല് റിപ്പോർട്ടുകളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റിയുടെ ശിപാർശകളിന്മേൽ Action Taken കൈക്കൊള്ളുന്നത് സംബന്ധിച്ചോ ആയത് നിയമസഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ചോ കേരള ധനഉത്തരവാദിത്വ നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല.

കേന്ദ്ര സർക്കാർ സമീപനം

7 (*157) ശ്രീ. ആർ. രാജേഷ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരോന്നും, കേന്ദ്ര സമീപനത്തിൽ കടുത്ത വെല്ലുവിളികളെ നേരിടുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളെ കവർന്നെടുക്കുന്ന നടപടികൾക്കെതിരെയുള്ള സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ആസൂത്രണകമ്മീഷനെയും ദേശീയ വികസന സമിതിയെയും ഇല്ലാതാക്കിയ കേന്ദ്ര നടപടിയോടുള്ള സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly